## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6827

10.07.2014 ൽ മറുപടിക്ക്

### പുഴകൾ സംരക്ഷിക്കാനുള്ള സമഗ്ര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പുഴകൾ സംരക്ഷിക്കാനുള്ള സമഗ്ര പദ്ധതിക്ക് ജലവിഭവ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ പുഴകളെ സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിയ്ക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നീ നദികളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും, മാലിന്യ നിർമ്മാർജ്ജനത്തിനും നദീതട അടിസ്ഥാനത്തിൽ നദീതീര വികസനത്തിനുമായി വിവിധ പദ്ധതികൾ കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന പക്ഷം പ്രസ്തുത പദ്ധതികൾ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികാലയളവിൽ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ;<br><br>(സി) ജലസ്രോതസ്സുകൾ വറ്റി, തീരങ്ങൾ കൈയ്യേറപ്പെട്ട് നാശം നേരിട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനത്തെ പുഴകളെ സംരക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (ബി) & (സി) നദീതീര സംരക്ഷണം, നദീതീര വനവത്ക്കരണം, വെള്ളപ്പൊക്ക നിവാരണം, ജലസംഭരണം, കൃഷിക്കാവശ്യമായ വെള്ളമെത്തിക്കൽ, മാലിന്യം പുഴയിൽ തള്ളുന്നത് തടയാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ വേലി നിർമ്മിക്കൽ, മാലിന്യ നിർമാർജ്ജന പ്ലാന്റ് നിർമ്മാണം, പൊതുജന ബോധവത്ക്കരണ പ്രവർത്തനങ്ങൾ, ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, ഉപ്പുവെള്ളം കയറുന്നത് പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മണൽ വാരൽ നിയന്ത്രിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, ജലസേചന പദ്ധതികളുടെ നവീകരണം തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുന്ന പദ്ധതികളാണ് നടപ്പിലാക്കൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നീ നദികളെ സംരക്ഷിക്കുന്നതിനായി യഥാക്രമം 1222, 950, 807, 499 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ സമഗ്രമായ ജലതുല്യതാ പഠനം നടത്തി മറ്റ് നദികളിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ